# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3679 15/07/2015 -ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിലുള്ള ഗ്രാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.എ.പി. അനിൽകുമാർ,<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വികസന വകുപ്പ് മുഖേന 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം നൽകിവരുന്ന ഗ്രാന്റിന് എന്തു പേരാണ് നൽകിയിട്ടുള്ളത്. L.P.,U.P., H.S., വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് എത്ര തുക വീതമാണ് നൽകി വരുന്നത്; എന്നു മുതലാണ് ഈ തുക നൽകിവരുന്നത്. | എ) | ലംപ്സം ഗ്രാന്റ്<br>L.P.- Rs. 250/-<br>U.P.- Rs. 500/-<br>H.S.- Rs. 750/-<br>സ.ഉ.(കൈ) നമ്പർ-6/2012/പജപവവിവ തീയതി,11/01/2012 പ്രകാരം 2012 മുതൽ ഈ തുക നൽകി വരുന്നു. കൂടാതെ IX,X ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സി.എസ്.എസ്. സ്കോളർഷിപ്പും നൽകുന്നുണ്ട്. ഡേ-സ്കോളേഴ്സിന് 2250/-രൂപയും ഹോസ്റ്റലേഴ്സിന് 4500/- രൂപയും പ്രതിവർഷം നൽകുന്നു. കൂടാതെ 1-4 വരെയുള്ള കുട്ടികൾക്ക് 2000 രൂപ വീതം ഗ്രാന്റായി നൽകുന്നു. |
| ബി) | മറ്റു പിന്നോക്ക (OBC) വിഭാഗ വിദ്യാർത്ഥികൾക്കും ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കും 10-ാം ക്ലാസ് വരെ ഏതെങ്കിലും തരത്തിലുള്ള ഗ്രാന്റ് നൽകിവരുന്നുണ്ടോ; എന്താണ് ഇതിന് പേര് നൽകിയിട്ടുള്ളത്; L.P.,U.P.,H.S., വിഭാഗങ്ങളിൽ ഉള്ളവർക്ക് എത്ര തുക വീതമാണ് നൽകി വരുന്നത്; എന്നു മുതലാണ് ഈ തുക നൽകിവരുന്നത്; | ബി) | 10-ാം ക്ലാസ് വരെ പ്രതിവർഷം നൽകുന്ന ഗ്രാന്റിന് ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ് (50% CSS) എന്ന പേരാണ് നൽകിയിട്ടുള്ളത്.<br>**ഹോസ്റ്റലേഴ്സ്**<br>ക്ലാസ് III മുതൽ VIII വരെ - 200 രൂപ നിരക്കിൽ 10 മാസം<br>ക്ലാസ് IX മുതൽ X വരെ - 250 രൂപ നിരക്കിൽ 10 മാസം<br>**ഡേ സ്കോളേഴ്സ്**<br>ക്ലാസ് I മുതൽ V വരെ - 25 രൂപ നിരക്കിൽ 10 മാസം<br>ക്ലാസ് VI മുതൽ VIII വരെ - 40 രൂപ നിരക്കിൽ 10 മാസം<br>ക്ലാസ് IX മുതൽ X വരെ - 50 രൂപ നിരക്കിൽ 10 മാസം<br>**അഡ്ഹോക്ക് ഗ്രാന്റ്**<br>500 രൂപ ഹോസ്റ്റലേഴ്സും ഡേ സ്കോളേഴ്സും ആയ കുട്ടികൾക്ക് വർഷം തോറും നൽകി വരുന്നു. ഇതിന് മാതാപിതാക്കളുടെ വാർഷിക വരുമാനം 44,500/- രൂപയിൽ കവിയാൻ പാടില്ല.<br>ന്യൂനപക്ഷ ക്ഷേമവകുപ്പിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | |
| സി) | വർഷത്തിൽ ഒരു തവണ മാത്രം നൽകി വരുന്ന ഈ തുകകൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് എന്ന പേരും മറ്റ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പേരും നൽകുന്നത് വിവേചനപരമല്ലേ; ഇതു തിരുത്തി രണ്ടിനും സ്കോളർഷിപ്പ് എന്ന ഒരേ പേര് നൽകാൻ നടപടി സ്വീകരിക്കുമോ; | സി) | പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകി വരുന്ന ആനുകൂല്യങ്ങൾ പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. വിദ്യാർത്ഥികൾക്ക് വർഷത്തിൽ ഒരു തവണ മാത്രം അനുവദിക്കുന്ന തുകയായതിനാലാണ് ടി തുക ലംപ്സംഗ്രാന്റ് എന്ന പേരിലറിയപ്പെടുന്നത്. |
| ഡി) | ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വാർഷിക ഗ്രാന്റ് തുക മൂന്നു വർഷത്തിലൊരിക്കൽ പുതുക്കണം എന്ന നിർദ്ദേശം അനുസരിച്ച് 2015 ജനുവരിയിൽ പുതുക്കേണ്ടിയിരുന്ന ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി ഈ തുക പുതുക്കി മറ്റു വിഭാഗ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് തുല്യമാക്കി കുടിശ്ശിക സഹിതം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | ഡി) | ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വാർഷിക ഗ്രാന്റ് തുക പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.